## റിപ്പോർട്ട് സമർപ്പണം

1. (i) 2013-2014 ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

(ii) 2014 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, വ്യവസായങ്ങളും ധാതുക്കളും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി IV –ന്റെ ചെയർമാനായ ഞാൻ സമിതിയുടെ 2014 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടും 2013–2014–ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കുന്നു.

2. (i) 2013-2014–ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

ii) ബാലനീതി നിയമം അനുസരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച പഠന റിപ്പോർട്ട്

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) : സർ, സാമൂഹ്യസേവനം സംബന്ധിച്ച വിഷയ നിർണ്ണയ സമിതി XIII –ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2013-2014–ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും ബാലനീതി നിയമം അനുസരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച പഠന റിപ്പോർട്ടും സമർപ്പിക്കുന്നു.

3) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഇരുപതാമത് റിപ്പോർട്ട്

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഇരുപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

4) പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട്

ശ്രീ. സി. മമ്മൂട്ടി : സർ, പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.